**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 259** **11-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ ദേശീയ ശരാശരിയേക്കാൾ ഉയർന്നുനിൽക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് & പ്രോഗ്രാം ഇംപ്ലിമെന്റേഷന്റെ കീഴിലുള്ള NSSO പ്രസിദ്ധീകരിക്കുന്ന പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ (PLFS) പ്രകാരം യുവാക്കളിലെ തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. PLFS സർവ്വേയുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് വകുപ്പിൽ വിവരശേഖരണ പ്രക്രിയകളൊന്നുംതന്നെ നടത്തുന്നില്ല. സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവേ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് ചെയ്യുന്നില്ല. |
| (ബി) | നൂതന സാങ്കേതികവിദ്യകൾ വഴിയുള്ള തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി തൊഴിലന്വേഷകരെയും വിദ്യാർത്ഥികളെയും സജ്ജരാക്കുന്നതിനായി നടത്തിവരുന്ന വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ ഏതൊക്കെയെന്ന് അറിയിക്കുമോ; | (ബി) | നൂതന സാങ്കേതികവിദ്യകൾ വഴിയുള്ള തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി തൊഴിലന്വേഷകരെയും വിദ്യാർത്ഥികളെയും സജ്ജരാക്കുന്നതിനായി നടത്തിവരുന്ന വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ ഏതൊക്കെയെന്ന് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പ് മുഖേന സംസ്ഥാനത്തെ 11 ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.<br><br>നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ഗ്രാമീണ മേഖലയിലെ അഭ്യസ്ത വിദ്യരായ വിദ്യാർത്ഥികൾക്കും, തൊഴിൽ രഹിതർക്കും വേണ്ടി 2016-17 സാമ്പത്തിക വർഷം മുതൽ കരിയർ |

ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.സി) പദ്ധതി ആരംഭിച്ച് പ്രവർത്തിച്ച് വരുന്നു.

യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി 14 ജില്ലാ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ മുഖേനയും യൂണിവേഴ്സിറ്റികളോടനുബന്ധിച്ചുള്ള 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ മുഖേനയും പി എസ് സി / യു പി എസ് സി / എസ് എസ് സി തുടങ്ങിയ മത്സരപരീക്ഷകൾക്കുള്ള പരിശീലന പരിപാടികൾ, സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാനവ്യാപകമായി നിയുക്തി മെഗാ ജോബ് ഫെയറുകൾ, കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുള്ള മോഡൽ കരിയർ സെന്റർ പദ്ധതി പ്രകാരം സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾക്കായി ജോബ് ഫെയർ / പ്ലേസ്മെന്റ് ഡ്രൈവ് നടത്തി വരുന്നു . കേന്ദ്ര സർക്കാരിന്റെ മിഷൻ മോഡ് പ്രൊജക്ട് ഫോർ ഇന്റർ ലിങ്കിംഗ് ഓഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് എന്ന പദ്ധതിയുടെ ഭാഗമായും ജോബ് ഫെയറുകൾ സംഘടിപ്പിച്ച് വരുന്നു.

തൊഴിലില്ലായ്മ പരിഹരിക്കാൻ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം സ്വയംതൊഴിൽ പദ്ധതികൾ വിജയകരമായി നടപ്പാക്കി വരുന്നുണ്ട്. ഈ പദ്ധതികളിൽ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വനിതകൾക്കായി നടപ്പാക്കി വരുന്ന 'ശരണ്യ പദ്ധതി', ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന കെസ്റു, മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ് ജോബ് ക്ലബ് പദ്ധതി എന്നിവ വഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പ/സബ്സിഡി അനുവദിച്ച് സ്വയം തൊഴിൽ കണ്ടെത്തി യുവജനങ്ങൾക്ക് വരുമാന മാർഗം ഉണ്ടാക്കി നൽകുന്നതിനും അത് വഴി യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ ഒരു പരിധിവരെ കുറക്കാനും സാധിക്കും.

കൂടാതെ തൊഴിൽ രഹിതരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികളുടെ തൊഴിൽ നൈപുണ്യവികസനം, സാമൂഹിക ഉന്നമനം എന്നിവ ലക്ഷ്യമാക്കി എംപ്ലോയ്മെന്റ് വകുപ്പ് മുഖേന, നൈപുണ്യ പരിശീലനം, മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലനപരിപാടി,

സ്വയംതൊഴിൽ വായ്പപദ്ധതി, വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് എന്നിങ്ങനെ നാല് ഘടകങ്ങളടങ്ങിയ കൈവല്യ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സമന്വയ എന്ന പേരിൽ ഒരു പദ്ധതി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി മുഖേന, സർക്കാർ/അർദ്ധസർക്കാർ മേഖലയിൽ ലഭ്യമായ തൊഴിലവസരങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കുന്നതിന് വിവിധ മത്സരപരീക്ഷ പരിശീലന പരിപാടികൾ സംഘടിപ്പിച്ച്, അവരെ പ്രാപ്തരാക്കി വരുന്നുണ്ട്.

യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി, അതിവേഗം വളർന്നുവരുന്ന തൊഴിൽ മേഖലകളെ കണ്ടെത്തി വ്യാവസായിക പ്രമുഖരുമായി സഹകരിച്ച് പ്രസ്തുത മേഖലകളിൽ മികച്ച ടാലെന്റ് പൂൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി മെട്രോ-റെയിൽ ഗതാഗത മേഖലയിൽ ദേശീയ നൈപുണ്യ വികസന കോർപ്പറേഷൻ (എൻഎസ്ഡിസി), കൊച്ചി മെട്രോ (കെഎംആർഎൽ), എന്നിവരുമായി സഹകരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെട്രോ & റെയിൽ ടെക്നോളജി (ഐഎം&ആർടി), ഭാഷ പരിശീലന മേഖലയിൽ ദേശീയ നൈപുണ്യ വികസന കോർപ്പറേഷനുമായി (എൻഎസ്ഡിസി) സഹകരിച്ച് ബഹുഭാഷാ പരിശീലനത്തിനായി തിരുവനന്തപുരം-എറണാകുളം ജില്ലകളിലായി രണ്ട് മികവിന്റെ കേന്ദ്രങ്ങളും, ഡ്രോൺ മേഖലയിൽ പാലക്കാട് ഐഐടിയുമായും, ജെറ്റ് എയ്റോസ്പേസ് ഡ്രോൺ മാനുഫാക്ചറിംഗ് ഹബ് പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച് ഡ്രോൺ റിസർച്ച് ആൻഡ് ഇന്നോവേഷൻ പാർക്കും (ആർ ആൻഡ് ഐ) സംസ്ഥാന നൈപുണ്യ വികസന മിഷന്റെ മികവിന്റെ കേന്ദ്രങ്ങളായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്വീകരിച്ച് വരികയാണ്.

പ്രാദേശിക തൊഴിൽ സങ്കീർണതകളെ പരിഹരിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ സ്കിൽ കമ്മിറ്റികൾ രൂപീകരിക്കുകയും, ജില്ലയിലെ പ്രാദേശിക തൊഴിൽ മേഖലയുടെ ആവശ്യങ്ങൾക്കനുസരിച്ച് വികേന്ദ്രീകൃത മാതൃകയിൽ നൈപുണ്യ വികസന പദ്ധതികൾ തയ്യാറാക്കി

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി വരുന്നു. ഇതിനോടൊപ്പം തന്നെ പ്രാദേശിക തലത്തിൽ ഉന്നത വിദ്യാഭ്യാസ യോഗ്യതകളുള്ള യുവജനങ്ങൾക്ക് മതിയായ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായും, കൂടാതെ യുവജനങ്ങൾക്കിടയിൽ വ്യാപകമായി വരുന്ന കുടിയേറ്റ പ്രവണത നിരുത്സാഹപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തിന്റെ വ്യവസായിക നയങ്ങളിൽ ഊന്നൽ നൽകിയിട്ടുള്ള വിവിധ സെക്ടറുകൾക്ക് ആവശ്യമായ വിദഗ്ധ മാനവശേഷിയെ ലഭ്യമാക്കുന്നതിനായി ഈ മേഖലകളിൽ കേന്ദ്രീകരിച്ച നൈപുണ്യ വികസന പ്രവർത്തനങ്ങളും കെയ്സ് നടപ്പിലാക്കി വരുന്നു.<br><br>പ്രാദേശികതലത്തിലും, ദേശീയ- അന്തർദേശീയ തലത്തിലും ലഭ്യമാകുന്ന മികച്ച തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുള്ള തൊഴിൽക്ഷമത പ്രദാനം ചെയ്യുന്നതിനുമായി, സുശക്തവും സവിശേഷവുമായ നൈപുണ്യ വികസന ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കെയ്സിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നൈപുണ്യ പരിശീലന പങ്കാളികളുടെ സമ്മിറ്റ് സംഘടിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

നൂതന സാങ്കേതികവിദ്യകൾ വഴിയുള്ള തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി തൊഴിലന്വേഷകരെയും വിദ്യാർത്ഥികളെയും സജ്ജരാക്കുന്നതിന്റെ ഭാഗമായി വ്യാവസായിക മേഖലയിലെ ആവശ്യങ്ങൾക്കനുസരിച്ച് തൊഴിൽ ലഭ്യത ഉറപ്പാക്കാൻ ഉതകുന്ന രീതിയിൽ നൈപുണ്യ പരിശീലനം നൽകുന്നതിന് വ്യവസായിക പങ്കാളികളുമായി ചേർന്ന് മികവിന്റെ കേന്ദ്രങ്ങളും അക്രഡിറ്റഡ് സ്ഥാപനങ്ങളും സ്ഥാപിച്ച് നൈപുണ്യ പരിശീലനം വഴി തൊഴിൽ ലഭ്യമാക്കുന്നതിന് സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

**എസ്പ്വോയർ :**

എറണാകുളം ജില്ലയിലെ അങ്കമാലിയിൽ പ്രവൃത്തിക്കുന്ന മികവിന്റെ കേന്ദ്രമാണ് ESPOiR എന്ന സ്ഥാപനം. ഈ കേന്ദ്രം വഴി വിദ്യാർത്ഥികൾക്കും, തൊഴിലന്വേഷകർക്കുമായി ഓയിൽ ആൻഡ് ഗ്യാസ് മേഖലയിലേയ്ക്ക് ആവശ്യമായ നൈപുണ്യ പരിശീലനവും വ്യവസായ മേഖലയിലെ ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, സർട്ടിഫൈഡ് വെൽഡിങ്, പൈപ്പ് ഫിറ്റർ & ഫ്രാബിക്കേറ്റർ കോഴ്സുകളും, നഴ്സിംഗ് മേഖലയിലെ സർട്ടിഫൈഡ് നഴ്സിംഗ് അസിസ്റ്റന്റ്, എന്നീ നൈപുണ്യ വികസന പരിശീലനങ്ങളാണ് ഇപ്പോൾ നടത്തി വരുന്നത്. സർട്ടിഫൈഡ് വെൽഡിങ് കോഴ്സിലൂടെ ഉദ്യോഗാർത്ഥികൾക്ക് യൂറോപ്പിലെ ക്രൊയേഷ്യ, ലിത്വാനിയ എന്നീ രാജ്യങ്ങളിലും ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, പൈപ്പ് ഫിറ്റർ & ഫ്രാബിക്കേറ്റർ കോഴ്സുകളും, നഴ്സിംഗ് മേഖലയ്ക്കായി സർട്ടിഫൈഡ് നഴ്സിംഗ് അസിസ്റ്റന്റ്, എന്നീ കോഴ്സുകളിലൂടെ വിവിധ അറേബ്യൻ രാജ്യങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ലഭിച്ചിട്ടുണ്ട്.

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC):**

കൺസ്ട്രക്ഷൻ മേഖലയിൽ വിദഗ്ധ പരിശീലനം നല്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ടിങ് ആൻഡ് കോപ്പറേറ്റീവ് സൊസൈറ്റി യുമായി സഹകരിച്ച് കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) എന്ന പേരിൽ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. നിർമാണ മേഖലയുമായി ബന്ധപ്പെട്ട മാനേജീരിയൽ ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്നു കാറ്റഗറിയിലായി വിവിധ കോഴ്സുകളാണ് ടി സ്ഥാപനത്തിൽ നടത്തിവരുന്നത്. സംസ്ഥാനത്തെ ഉദ്യോഗാർത്ഥികൾക്കും, തൊഴിലന്വേഷകർക്കുമായി നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പോസ്റ്റ് ഗ്രാജുയേറ്റ് ഡിപ്ലോമ ഇൻ ബിൽഡിംഗ് ഇൻഫർമേഷൻ മോഡലിംഗ്, എക്സ്കവേറ്റർ ഓപ്പറേറ്റർ, അഡ്വാൻസ് ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സിസ്റ്റം, പി.ജി ഡിപ്ലോമ ഇൻ മെക്കാനിക്കൽ, ഇലക്ട്രിക്കൽ ആൻഡ് പ്ലംബിംഗ് (എംഇപി) എന്നീ നൈപുണ്യ പരിശീലനങ്ങൾ നടത്തി വരുന്നു.

**ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ:**

ജില്ലാ തലങ്ങളിൽ പ്രാദേശിക തൊഴിൽ സങ്കീർണതകൾ പരിഹരിക്കുന്നതിനായി തൊഴിൽ ദാതാക്കളുടെ ആവശ്യങ്ങളും തൊഴിലന്വേഷകരുടെ മുൻഗണനകളും കണക്കിലെടുത്ത് മികച്ച രീതിയിൽ നൈപുണ്യ പരിശീലനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ജില്ലാ തലത്തിൽ ഒരു സ്ഥിരം സംവിധാനമായാണ് ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങളെ വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, പാലക്കാട്, കോഴിക്കോട്, കാസറഗോഡ് എന്നിങ്ങനെ 7 ജില്ലകളിലാണ് ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. നൂതന സാങ്കേതികവിദ്യകൾ വഴിയുള്ള തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി വ്യവസായ പ്രമുഖരായ ഏണസ്റ്റ് & യങ്ങുമായി സഹകരിച്ചുകൊണ്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ്(മെർൺ) എന്ന കോഴ്സ് നടത്തിവരുകയാണ്.

**സങ്കൽപ് പദ്ധതി (Skill Acquisition and Knowledge Awareness for Livelihood Promotion):**

കേന്ദ്രാവിഷ്കൃത പദ്ധതിയായ സങ്കൽപിന്റെ കീഴിൽ വിവിധ മേഖലകളിൽ തൊഴിൽ നേടാൻ യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനായി വിവിധതരം നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഡിസ്ട്രിക് സ്കിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. Medical Records and Health Information Technician, Solar Panel Installation Technician എന്നീ രണ്ട് കോഴ്സുകൾ തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കി വരുന്നു.

നൂതന സാങ്കേതിക വിദ്യകൾ വഴിയുള്ള തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി Artificial Intelligence, Computer Operator and Programming Assistant, Additive Manufacturing Technician, Industrial Robotics and Digital Manufacturing, Marine Fitter, Multimedia Animation and Special Effects, Mechanic Electric Vehicle, Solar Technician( Electrical) എന്നീ എൻ.സി.വി.ടി CTS കോഴ്സുകൾ പുതുതായി ആരംഭിച്ചതും തുടങ്ങാൻ പോകുന്നതുമായ സർക്കാർ ഐ.ടി.ഐ.കളിൽ വ്യാവസായിക പരിശീലന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ SSDEC (State Skill Development and Entrepreneurship Committee) യുടെ അംഗീകാരത്തോടെ ഹ്രസ്വകാല നൂതന നൈപുണ്യ പരിശീലന പദ്ധതികളും വകുപ്പിന്റെ കീഴിലെ വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ വ്യാവസായിക പരിശീലന വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

Kavitha

**സെക്ഷൻ ഓഫീസർ**